# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

**രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,**
**തിരുവനന്തപുരം -695004 , കേരളം.**

**ഫോൺ : +91471 2514472 2514527 2514455 2514608**
**വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com**


നം. പി.എസ്.1 (ബി)/ 69/2019 തീയതി: 16.03.2021

## പരിപത്രം

വിഷയം:- സൂര്യാഘാതം - മുൻകരുതൽ എന്ന നിലയിൽ ജോലി സമയം പുനക്രമീകരിച്ച് ലേബർ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് - കെ.എസ്.ഇ.ബി ലിമിറ്റഡ് - ഫീൽഡ് ജീവനക്കാരുടെ ജോലി സമയ ക്രമീകരണം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1) 19.08.2016 – ലെ PS1 A/3393/2016 നമ്പർ പ്രകാരമുള്ള പരിപത്രം.
2) 03.09.2016 – ലെ PS1 A/3393/2016 നമ്പർ പ്രകാരമുള്ള പരിപത്രം.
3) ഉത്തരവ് നമ്പർ. ഇഎൻ (5)/3216/202 തീയതി 17.02.2021 പ്രകാരമുള്ള ലേബർ കമ്മീഷണറുടെ നടപടിക്രമം.

KSEB Ltd – ൽ വിതരണ വിഭാഗത്തിലെ ഷിഫ്റ്റ് ഡ്യൂട്ടി പ്രാബല്യത്തിൽ ഉള്ളതും അല്ലാത്തതുമായ സെക്ഷൻ ഓഫീസുകളിലും, ഉൽപാദന, പ്രസരണ വിഭാഗങ്ങളിലും ജോലി ചെയ്യുന്ന സബ് എഞ്ചിനീയർ , ഓവർസീയർ, ലൈൻമാൻ, ഇലക്ട്രിസിറ്റി വർക്കർ എന്നീ വിഭാഗം ജീവനക്കാരുടെ ജോലി സമയം / ഷിഫ്റ്റ് ഡ്യൂട്ടി സമയം യഥാക്രമം 8 AM to 5 PM വരെയും 6 AM മുതൽ 2 PM (1st ഷിഫ്റ്റ്) വരെയും, 2 PM മുതൽ 10 PM വരെ (2nd ഷിഫ്റ്റ്) വരെയുമായി മേൽ സൂചന (1), (2) പരിപത്രങ്ങൾ മുഖേന നിജപ്പെടുത്തിയിട്ടുണ്ട്.

സൂചന (3) ഉത്തരവ് പ്രകാരം, സൂര്യാഘാത സാദ്ധ്യത ഒഴിവാക്കുന്നതിനുള്ള മുൻകരുതലെന്ന നിലയിൽ വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഉച്ചക്ക് 12 : 00 മണി മുതൽ വൈകുന്നേരം 3 : 00 മണി വരെ വിശ്രമവേളയായിരിക്കും. ഇവരുടെ ജോലി സമയം രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണിവരെയുള്ള സമയത്തിനുള്ളിൽ 8 മണിക്കൂറായി നിജപ്പെടുത്തിയിരിക്കുന്നു.

മേൽ ഉത്തരവ് കണക്കിലെടുത്ത് ചുവടെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ KSEB Ltd – ൽ നടപ്പിൽ വരുത്തുന്നതിലേക്കായി പുറപ്പെടുവിക്കുന്നു.

(i) പകൽ ജോലി സമയം / ഷിഫ്റ്റ് ഡ്യൂട്ടി സമയം ബാധകമായിട്ടുള്ള, വെയിലത്ത് പണിയെടുക്കേണ്ടി വരുന്ന ഫീൽഡ് വിഭാഗം ജീവനക്കാരുടെ പ്രവർത്തി സമയത്തിൽ ഉച്ചക്ക് 12 : 00 മണി മുതൽ വൈകുന്നേരം 3:00 മണി വരെയുള്ള സമയം ഒഴിവാക്കേണ്ടതും, അതാതു ദിവസം സമയബന്ധിതമായി പൂർത്തിയാക്കേണ്ടുന്ന ജോലികൾ, പ്രസ്തുത സമയം ഒഴിവാക്കി, ചെയ്ത് തീർക്കേണ്ടതുമാണ്.

(ii) ദൈനംദിനം പൂർത്തീകരിക്കേണ്ടുന്ന ജോലികൾ മുൻകൂറായി വിലയിരുത്തി ചെയ്ത് തീർക്കുവാൻ ജിവനക്കാർക്ക് നിർദ്ദേശം നൽകേണ്ടതും ആയതിലേക്കായി പകൽ 12:00 മണി മുതൽ വൈകുന്നേരം 3 : 00 മണി വരെയുള്ള സമയം ഒഴിവാക്കുന്നത് കണക്കിലെടുത്ത് ജോലി സമയം പ്രസ്തുത സമയത്തിനു മുൻപും ശേഷവുമായി ക്രമീകരിച്ച്, അപകട സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും അറ്റകുറ്റ പണികൾ ചെയ്ത തീർത്ത്

വൈദ്യുതി ലഭ്യത ഉറപ്പവരുത്തുന്നതിലേക്കായുമുള്ള ജോലികൾ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

(iii) വൈദ്യുതി അപകടം / ജീവഹാനിക്ക് കാരണമായേക്കാവുന്ന ലൈൻ പൊട്ടി വീഴുക, റോഡ് അപകടത്താൽ പോസ്റ്റ് ഒടിയുവാനിടയാകുക തുടങ്ങിയ അടിയന്തിര സാഹചര്യങ്ങളിൽ അപകട സാദ്ധ്യത / ജീവാപായം ഒഴിവാക്കുവാനുള്ള നടപടികൾ ഉടൻ എടുക്കേണ്ടതും, ഒഴിവാക്കുവാനായി നിർദ്ദേശിച്ചിട്ടുള്ള സമയത്തിന് ശേഷം, ആയതുമായി ബന്ധപ്പെട്ട മെയിന്റനൻസ് ജോലികൾ ചെയ്തു തീർക്കേണ്ടതാണ്.

(Iv) പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കുന്ന ജീവനക്കാർ, താപനില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ, ജോലിയിലേർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ ശാരീരിക ക്ഷമത ഉറപ്പ വരുത്തുന്നതിലേക്കായുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതും സൂര്യതാപം എൽക്കുവാനുള്ള സാഹചര്യങ്ങളെക്കുറിച്ചും അതൊഴിവാക്കാനായി സ്വീകരിക്കേണ്ടുന്ന പ്രവർത്തനരീതിയെ സംബന്ധിച്ചും അവരെ ബോധവാന്മാരാക്കേണ്ടതുമാണ്.

(v) ഉച്ചക്ക് 12 : 00 മണി മുതൽ വൈകുന്നേരം 3 : 00 മണി വരെ ഒഴിവാക്കിയിട്ടുള്ള സമയത്തിന് മുൻപ് വെയിലത്ത് പണിയെടുക്കേണ്ടി വരുന്ന ജീവനക്കാർക്കും സൂര്യാഘാതം ഉണ്ടാകുവാനുള്ള സാദ്ധ്യത നിലനിൽക്കുന്നതിനാൽ ആയത് സംഭവ്യമാകുന്ന സാഹചര്യത്തിൽ അടിയന്തിരമായി പ്രഥമ ശുശ്രൂഷയും വൈദ്യസഹായവും ഉറപ്പവരുത്തേണ്ടതാണ് .

(vi) സമുദ്രനിരപ്പിൽ നിന്നും 3000 അടിയിൽ കൂടുതൽ ഉയരമുള്ള മേഘലകളിൽ സൂര്യാഘാതത്തിന് സാധ്യതയില്ലാത്തതിനാൽ അത്തരം സ്ഥലങ്ങളിൽ മേൽ നിർദ്ദേശങ്ങൾ ബാധകമാക്കേണ്ടതില്ല.

(vii) മേൽ പ്രസ്താവിച്ച നിർദ്ദേശങ്ങൾ സൂര്യാഘാത സാദ്ധ്യത നിലനിൽക്കുന്ന കാലഘട്ടത്തിൽ ഉടനീളം പ്രാവർത്തികമാകുന്നുവെന്ന് ഓഫീസ് മേധാവികൾ ഉറപ്പ വരുത്തേണ്ടതാണ്.

**ഒപ്പ്**
**സെക്രട്ടറി (ഭരണം)**

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ
എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)
ടി. എ ടു ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്
ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ
ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
സി.എ.ടു. സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്